# നാടെങ്ങും ദുരിതാശ്വാസ പ്രവര്‍ത്തനങ്ങള്‍

***കനത്ത മഴയും വെള്ളപ്പൊക്കവും ഉരുള്‍പൊട്ടലും മൂലം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളില്‍ ജനജീവിതം ദുരിതത്തിലാണ്ടപ്പോള്‍ ദുരിതാശ്വാസ പ്രവര്‍ത്തനങ്ങളുമായി ജമാഅത്തെ ഇസ്‌ലാമിയുടെയും പോഷകസംഘടനകളുടെയും പ്രവര്‍ത്തകര്‍ സജീവമായി രംഗത്തിറങ്ങുകയുണ്ടായി. വിവിധ ജില്ലകളില്‍ നടന്ന ദുരിതാശ്വാസപ്രവര്‍ത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോര്‍ട്ട്***

**കോഴിക്കോട് ജില്ലയില്‍** ഉരുള്‍പൊട്ടലിന്റെയും ശക്തമായ മഴയുടെയും ഫലമായി കനത്ത നാശനഷ്ടങ്ങളുണ്ടായി. പൂനൂര്‍പുഴ കരകവിഞ്ഞൊഴുകിയതിനാല്‍ പുഴയോടു ചേര്‍ന്നുള്ള മിക്ക പ്രദേശങ്ങളും വെള്ളത്തിനടിയിലായി. ചെലവൂര്‍, മൂഴിക്കല്‍, ചെറുവറ്റ, പൂളക്കടവ്, കണ്ണാടിക്കല്‍, പറമ്പില്‍പള്ളി, കിരാലൂര്‍, തണ്ണീര്‍പന്തല്‍, കക്കോടി, മോരിക്കര എന്നിവിടങ്ങളില്‍ രണ്ടായിരത്തിലധികം വീടുകളില്‍ വെള്ളം കയറുകയുണ്ടായി. അര്‍ധരാത്രിയില്‍ വന്‍തോതില്‍ വെള്ളമുയര്‍ന്നപ്പോള്‍ കിട്ടിയ തോണികളിലും ട്യൂബുകളിലും ആളുകളെയും അത്യാവശ്യ സാധനങ്ങളും കരയിലെത്തിക്കാന്‍ കക്കോടിയിലും മോരിക്കരയിലും വേങ്ങേരിയിലും ജമാഅത്ത്, സോളിഡാരിറ്റി, എസ്.ഐ.ഒ പ്രവര്‍ത്തകര്‍ കഠിനാധ്വാനം ചെയ്തു. പ്രവര്‍ത്തകര്‍ ചെറുവറ്റ അല്‍ മദ്‌റസത്തുല്‍ ബദ്‌റില്‍ ദുരിതാശ്വാസ ക്യാമ്പ് തുടങ്ങുകയും ചെയ്തു.

രണ്ടു മൂന്ന് ദിവസങ്ങള്‍ കഴിഞ്ഞ് വീടുകളില്‍ തിരിച്ചെത്തിയ മിക്കവരുടെയും വീട്ടുപകരണങ്ങളും വസ്ത്രങ്ങളും വിലപ്പെട്ട രേഖകളും പാഠപുസ്തകങ്ങളും മറ്റും നഷ്ടപ്പെട്ടിരുന്നു. ഇവര്‍ക്ക് സാന്ത്വനമായി പ്രസ്ഥാന പ്രവര്‍ത്തകര്‍ ഉടന്‍ തന്നെ രംഗത്തെത്തി. കക്കോടിയില്‍ 120 കുടുംബങ്ങള്‍ക്കും തണ്ണീര്‍പന്തല്‍, വേങ്ങേരി എന്നിവിടങ്ങളില്‍ 250 കുടുംബങ്ങള്‍ക്കും കണ്ണാടിക്കലില്‍ 450 കുടുംബങ്ങള്‍ക്കും ഭക്ഷണകിറ്റുകള്‍ വിതരണം ചെയ്തു. പ്രവര്‍ത്തകര്‍ക്കു പുറമെ ചില ഉദാരമതികളും ഭക്ഷണകിറ്റുകള്‍ സംഭാവന ചെയ്തു. തുടര്‍ന്ന് വിറക്, വാട്ടര്‍ടാങ്ക്, വസ്ത്രങ്ങള്‍, പായ എന്നിവ സംഘടിപ്പിക്കാനുള്ള ശ്രമമായിരുന്നു. ഇക്കാര്യത്തില്‍ കോഴിക്കോട് നഗരത്തിലെ വ്യാപാരികളില്‍നിന്ന് നിര്‍ലോഭമായ സഹായസഹകരണങ്ങളുണ്ടായി. ജമാഅത്ത് നേതാക്കള്‍ സംസ്ഥാന സെക്രട്ടറി ടി.കെ ഹുസൈന്റെ നേതൃത്വത്തില്‍ പ്രദേശങ്ങള്‍ സന്ദര്‍ശിച്ചു.

പേമാരിയിലും വെള്ളപ്പാച്ചിലിലും ഉരുള്‍പൊട്ടലിലും കനത്ത നാശനഷ്ടം സംഭവിച്ച കോഴിക്കോട് ജില്ലയിലെ മലയോര പ്രദേശങ്ങളായ തിരുവമ്പാടി, കാരമൂല, വല്ലത്തായ്പ്പാറ, കൂടരഞ്ഞിയിലെ പനക്കച്ചാല്‍, കൊടുവള്ളിയിലെ തലപ്പെരുമണ്ണ എന്നീ ഗ്രാമങ്ങള്‍ ഓമശ്ശേരി-തിരുവമ്പാടി ജമാഅത്ത്, ഐ.ആര്‍.ഡബ്ലിയു പ്രവര്‍ത്തകര്‍ സന്ദര്‍ശിക്കുകയും ദുരിതാശ്വാസ പ്രവര്‍ത്തനങ്ങള്‍ നടത്തുകയും ചെയ്തു.

ഓമശ്ശേരി ശാന്തി ഹോസ്പിറ്റലിലെ മെഡിക്കല്‍ ടീമുമായാണ് ജമാഅത്ത്-ഐ.ആര്‍.ഡബ്ലിയു പ്രവര്‍ത്തകര്‍ ദുരന്തബാധിത പ്രദേശങ്ങളിലെത്തിയത്. അഞ്ചു സ്ഥലങ്ങളില്‍ ക്യാമ്പുകള്‍ നടത്തുകയും രോഗികളെ പരിശോധിച്ച് ആവശ്യമായ മരുന്നുകള്‍ നല്‍കുകയും ചെയ്തു. അടുത്ത ദിവസങ്ങളില്‍ അത്യാവശ്യ ഭക്ഷണസാധനങ്ങളടങ്ങുന്ന 100-ഓളം കിറ്റുകള്‍ വിതരണം ചെയ്തു.

കാലവര്‍ഷക്കെടുതിയില്‍ പ്രയാസമനുഭവിച്ച വേളത്തെ 140 കുടുംബങ്ങള്‍ക്ക് ഒരു ഉദാരമതിയുടെ വക 4 ക്വിന്റല്‍ അരി ജമാഅത്ത്, സോളിഡാരിറ്റി, എസ്.ഐ.ഒ പ്രവര്‍ത്തകര്‍ വിതരണം ചെയ്തു.

**എറണാകുളം ജില്ലയിലെ** മൂവാറ്റുപുഴ ഏരിയയില്‍ വെള്ളപ്പൊക്കത്തില്‍ ഒറ്റപ്പെട്ടുപോയ ആറു കുടുംബങ്ങള്‍ക്ക് ഭക്ഷണമെത്തിച്ചുകൊടുക്കുകയും ഒരു ഹോമിയോ ആശുപത്രി വൃത്തിയാക്കുകയും ചെയ്തു. കേടുപാട് സംഭവിച്ച ഒരു വീടിന്റെ അറ്റകുറ്റപ്പണികള്‍ ചെയ്ത് വീട് പുതുക്കിപ്പണിയാന്‍ വേണ്ട ഏര്‍പ്പാടുകള്‍ ചെയ്തുവരുന്നു. എടത്തല ഏരിയയില്‍ ശക്തിയായ കാറ്റില്‍ വ്യാപകമായി മരങ്ങള്‍ കടപുഴകി വീഴുകയും ഇലക്ട്രിക് ലൈനുകള്‍ തകരാറിലാവുകയും ചെയ്തു. പ്രവര്‍ത്തകര്‍ നാട്ടുകാരുടെ കൂടി സഹകരണത്തോടെ മരങ്ങള്‍ വെട്ടി മാറ്റിയും മറ്റും വഴിയിലെ തടസ്സങ്ങള്‍ നീക്കി വഴി സഞ്ചാരയോഗ്യമാക്കി. നെടുമ്പാശ്ശേരി ഏരിയയില്‍ ചെങ്ങമനാട് ഗവണ്‍മെന്റ് ഹൈസ്കൂളിനു മുമ്പില്‍ ഉണ്ടായിരുന്ന കാട് നാട്ടുകാരുടെ സഹകരണത്തോടെ വെട്ടിമാറ്റുകയും ശല്യമായിരുന്ന വെള്ളക്കെട്ട് ശരിയാക്കുകയും ചെയ്തു. വാഴക്കുളം ഏരിയയില്‍ ചാലക്കല്‍ വനിതാ ഇസ്‌ലാമിയാ കോളേജിലും അസ്ഹറുല്‍ ഉലൂം കോളേജിലും ഏരിയാ സമിതി പ്രതിരോധ ഹോമിയോ മരുന്ന് വിതരണം നടത്തി. മാഞ്ഞാലി ഏരിയയില്‍ ചാലാക്ക, കുന്നുകര, വയലുകര എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകള്‍ സന്ദര്‍ശിക്കുകയും പ്രശ്നങ്ങള്‍ അധികൃതരുടെ ശ്രദ്ധയില്‍ കൊണ്ടുവരികയും ചെയ്തു. പറവൂര്‍ ഏരിയയില്‍ വാണിയക്കാട് സൗജന്യ പ്രതിരോധ മരുന്നു വിതരണം നടത്തി. ആലുവ ഏരിയയില്‍ 53 വീടുകളില്‍ നാട്ടുകാരുടെ സഹകരണത്തോടെ ആഴ്ചതോറും ഭക്ഷണ കിറ്റ് എത്തിച്ചുകൊടുത്തു. ഇവര്‍ക്ക് രണ്ടുമാസത്തേക്കുള്ള ഭക്ഷണത്തിനായി 41,000/- രൂപ ശേഖരിച്ചു. ആലുവാ ഗവണ്‍മെന്റ് ഹോസ്പിറ്റലും പരിസരവും വൃത്തിയാക്കുകയും കോമ്പൗണ്ടില്‍ തണല്‍ മരങ്ങള്‍ വെച്ചുപിടിപ്പിക്കുകയും ചെയ്തു. കോതമംഗലം ഏരിയയില്‍ വെള്ളംകയറിയ ജവഹര്‍ കോളനിയില്‍ പ്രവര്‍ത്തകര്‍ സന്ദര്‍ശനം നടത്തി. വെള്ളക്കെട്ടിനു കാരണമായ തോടു കൈയേറ്റം തടയാന്‍ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**വയനാട് ജില്ലയിലെ** ദുരിതബാധിത പ്രദേശങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രതിനിധികള്‍, വൈസ് പ്രസിഡന്റ് എന്‍.എ മുഹമ്മദിന്റെ നേതൃത്വത്തില്‍ സന്ദര്‍ശിച്ച് പരമാവധി സഹായങ്ങള്‍ എത്തിക്കാന്‍ ശ്രമിച്ചു. മാനന്തവാടി, പനമരം, വെണ്ണിയോട് ഭാഗങ്ങളിലാണ് കൂടുതല്‍ ദുരിതം അനുഭവപ്പെട്ടത്. ഇല്ലത്തുവയല്‍, ആറാട്ടുതറ, ചങ്ങാടക്കടവ്, വെണ്ണിയോട്, കോട്ടത്തറ, കരിഞ്ഞകുന്ന് എന്നീ പ്രദേശങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളില്‍ ശയ്യോപകരണങ്ങള്‍ പോലുമില്ലാത്ത ധാരാളമാളുകളുമുണ്ടായിരുന്നു. അവര്‍ക്ക് 100 പായകള്‍ വിതരണം ചെയ്തു. ക്യാമ്പുകളില്‍ പോകാതെ അയല്‍പക്കങ്ങളിലും ബന്ധുവീടുകളിലും അഭയം പ്രാപിച്ചവര്‍ക്ക് ഗവണ്‍മെന്റ് സഹായം ലഭിച്ചിരുന്നില്ല. ഇത്തരം 101 കുടുംബങ്ങള്‍ക്ക് ഒരാഴ്ചക്കുള്ള ഭക്ഷണക്കിറ്റുകള്‍ നല്‍കി. ഇതിനായി ഇരുപതിനായിരത്തിലേറെ രൂപ ചെലവഴിച്ചു. അതിശക്തമായ കാറ്റില്‍ മേല്‍ക്കൂര തകര്‍ന്നുപോയ പത്തോളം വീടുകള്‍ക്ക് ആവശ്യമായ ഷീറ്റുകള്‍ വാങ്ങിക്കൊടുത്തു. ഈയിനത്തില്‍ 8000/- രൂപ ചെലവുവന്നു. 67 കുടുംബങ്ങള്‍ക്ക് സൗജന്യ റേഷന്‍ ലഭിക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുകയും ചെയ്തു.

**ആലപ്പുഴ ജില്ലയില്‍** വെള്ളപ്പൊക്കം മൂലം ദുരിതമനുഭവിച്ച തകഴി പഞ്ചായത്തിലെ കേളമംഗലം, കുന്നുമ്മ എന്നീ പ്രദേശങ്ങളില്‍ 80 കുടുംബങ്ങള്‍ക്ക് ജ.ഇ ആലപ്പുഴ ജില്ലാ സമിതി 9000 രൂപയുടെ റിലീഫ് കിറ്റ് വിതരണം ചെയ്തു. ഹരിപ്പാട് ഏരിയയിലെ വീയപുരം, ആറാട്ടുപുഴ എന്നീ പ്രദേശങ്ങള്‍ ഓര്‍ഗനൈസര്‍ ഇബ്‌റാഹീം കുട്ടിയുടെ നേതൃത്വത്തിലും കുട്ടനാട് മണ്ഡലത്തിലെ ദുരിതബാധിത പ്രദേശങ്ങള്‍ ജില്ലാ സെക്രട്ടറിയുടെ നേതൃത്വത്തിലും ജമാഅത്ത് സംഘം സന്ദര്‍ശിച്ചു.

**കോട്ടയം ജില്ലയില്‍** ജമാഅത്തെ ഇസ്‌ലാമി ചങ്ങനാശ്ശേരി ഏരിയ കാലവര്‍ഷക്കെടുതിയില്‍ പെട്ട 217 കുടുംബങ്ങള്‍ക്ക് 870 കി. ഗ്രാം അരിവിതരണം ചെയ്തു. ഉമ്പിടിയില്‍ ഒരാഴ്ചത്തെ മെഡിക്കല്‍ക്യാമ്പ് സംഘടിപ്പിച്ച് 900 രോഗികള്‍ക്ക് ചികിത്സ നല്‍കി. പൊറ്റശ്ശേരി, മല്ലൂര്‍കാവ് എന്നിവിടങ്ങളില്‍ 400 പേര്‍ക്ക് പ്രതിരോധ മരുന്നുകള്‍ വിതരണം ചെയ്തു. ജ. ഇ കോട്ടയം ഏരിയ 130 കി. ഗ്രാം അരി വിതരണം ചെയ്യുകയും 1000 രൂപയുടെ ചികിത്സാസഹായം നല്‍കുകയും ചെയ്തു.

**കാസര്‍കോട് ജില്ലയില്‍** കടലാക്രമണത്തെ തുടര്‍ന്ന് മത്സ്യബന്ധനം ▶

നടത്താനാവാതെ ദുരിതത്തിലായ കുമ്പള-കൊയിപ്പാടി കടപ്പുറത്തെ ഏതാനും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ജമാഅത്തെ ഇസ്‌ലാമി പതിനായിരം രൂപയുടെ സഹായം നൽകി.

**കണ്ണൂർ ജില്ലയിൽ** ദുരിത ബാധിത പ്രദേശങ്ങളായ പുഴാതി, കാട്ടാമ്പള്ളി, പാമ്പുരുത്തി, വളപട്ടണം, കീരിയാട് തുടങ്ങിയവ ജ. ഇ കണ്ണൂർ ജില്ലാ സെക്രട്ടറി കെ.പി അബ്ദുൽ അസീസ്, അസി. സെക്രട്ടറി സി.കെ അബ്ദുൽജബ്ബാർ, ജില്ലാസമിതിയംഗം കെ.എൽ ഖാലിദ്, വി.കെ മുസ്ത്വഫ തുടങ്ങിയവർ സന്ദർശിച്ചു. വെള്ളപ്പൊക്കത്തിൽ നശിച്ച വീട്ടുപകരണങ്ങൾക്ക് സർക്കാറിന്റെ ദുരിതാശ്വാസ ഫണ്ടിൽനിന്ന് വിഹിതം അനുവദിക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമി കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റ് ആവശ്യപ്പെട്ടു. വീടുകൾ ഭാഗികമായും പൂർണമായും തകർന്നവർക്കും വിള നശിച്ചവർക്കും നൽകുന്ന നഷ്ടപരിഹാരം നാമമാത്രമാണ്. വീട്ടുപകരണങ്ങൾ ഭൂരിഭാഗം കുടുംബങ്ങളും ഇൻഷൂർ ചെയ്യാറില്ലെന്നിരിക്കെ അത്തരക്കാർക്ക് സാങ്കേതികകാരണം പറഞ്ഞ് നഷ്ടപരിഹാരം നിഷേധിക്കരുതെന്ന് സെക്രട്ടേറിയേറ്റ് ആവശ്യപ്പെട്ടു.